**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :247** **18.06.2019-ൽ മറുപടിക്ക്**

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.ജെ.മാക്സി**<br>**ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**ശ്രീ.ആന്റണി ജോൺ**<br>**ശ്രീ.എം.സ്വരാജ്** | **ശ്രീ.ജി.സുധാകരൻ**<br>**: (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് മൂവാറ്റുപുഴ- ഇടപ്പള്ളി റോഡിൽ ചെയ്യാത്ത ജോലിക്കും അനാവശ്യ ജോലിക്കും പണം നൽകി ഉദ്യോഗസ്ഥരും കരാറുകാരും ഒത്തു ചേർന്ന് അഴിമതി നടത്തിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതു സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് പോലീസ് വിജിലൻസ് അന്വേഷണം നടത്തി വരുന്നുണ്ട്. കൂടാതെ അക്കൗണ്ടന്റ് ജനറലിന്റെ ശുപാർശ പ്രകാരമുള്ള റിക്കവറി നടത്തേണ്ട തുകയായ 15.78 ലക്ഷം രൂപ കരാറുകാരനിൽ നിന്നും തിരിച്ച് പിടിച്ച് സർക്കാരിലേക്ക് വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാര ത്തിലെത്തിയശേഷം പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ; | (ബി) & (സി) | അഴിമതിയ്ക്ക് അറുതിവരുത്തുന്നതിനായി വകുപ്പുതല വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയതിനു പുറമെ ഗുണമേന്മ പരിശോധന വിഭാഗവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ഗുണമേന്മ പരിശോധനയ്ക്കായി 3 റീജയണൽ ഓഫീസുകൾ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) നിലവിലുണ്ട്. ഇവയുടെ മേൽ നോട്ടം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ |
| (സി) | ഗുണനിലവാരം ഉറപ്പാക്കാൻ | | |

| | | | |
|---|---|---|---|
| | പരിശോധന കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; പ്രവൃത്തികളുടെ പണം നൽകുന്നതിന് ക്വാളിറ്റി കൺട്രോൾ ലാബുകളിൽ നിന്നുള്ള സാക്ഷ്യപത്രം നിർബന്ധമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | | ഏൽപ്പിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂന്ന തലത്തിലുള്ള ഗുണമേന്മാ പരിശോധന നിർബന്ധമാക്കുകയും ഉദ്യോഗസ്ഥരുടെ മേൽനോട്ടം ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. ഗുണനിലവാര പരിശോധനാഫലം തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തിയാൽ മാത്രമേ ബിൽ തുക അനുവദിക്കുന്നുള്ളൂ. അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് നടത്തുന്നതിനായി നിർദ്ദേശം നൽകുകയും സോഷ്യൽ ആഡിറ്റിംഗ് നടത്തുന്നതിലേയ്ക്ക് പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വകുപ്പുതല വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ടോ; സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി നടക്കുന്നുണ്ടോ; വിശദമാക്കുമോ ? | (ഡി) | വകുപ്പുതല ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. ജില്ലാതല ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അതാത് ജില്ലകളുടെ വിജിലൻസ് ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ, ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ്, വിജിലൻസ് എന്നിവരും അഴിമതി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രവൃത്തികളിൽ സോഷ്യൽ ആഡിറ്റിംഗ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ